<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412**</u> <u>**08-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വ്യവസായ മേഖലയുടെ ആധുനികവൽക്കരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനായി മുൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദ മാക്കുവാനായി മുൻ സർക്കാർ 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതും പുതിയതായി ആരംഭിക്കുന്നതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ "സ്വയം സാക്ഷ്യപ്പെടുത്തൽ" വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കികൊണ്ട് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപന ങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപന ങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ. ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് റിഡ്രസൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിയമ നിർമ്മാണത്തിന്റെ കരട് സമർപ്പിക്കുന്നതിനായി സെക്രട്ടറിതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയും നിരവധി വ്യവസായ സൗഹൃദ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരണത്തിലൂടെ കൂടുതൽ മികവിലേക്ക് | (ബി) | ഓരോ പൊതുമേഖലാ സ്ഥാപനത്തെയും അതത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റു |

| | | | |
|---|---|---|---|
| | ഉയർത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | | ന്നതിന് സർക്കാർ മുൻഗണന നൽകി വരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ, ഉൽപ്പാദന പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവൽക്കരണം, വിപുലീകരണം, വൈവിദ്ധ്യവൽക്കരണം, ധനപരമായ പുന:സംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ ധനസഹായം ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിങ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിദ്ധ്യവത്ക്കരണ പദ്ധതികളും തയ്യാറാ ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനി തലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ ജൂലൈ 2021-ഓട് കൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വ്യവസായ മേഖലയിൽ നവീകരണത്തിനോടൊപ്പം വൈവിദ്ധ്യവൽക്കരണം കൂടി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | വ്യവസായ വാണിജ്യ വകുപ്പ് വഴി നടത്തിവരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിലുള്ള സംരംഭങ്ങളുടെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായുള്ള നിക്ഷേപത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയ മായി നിക്ഷേപ സഹായം അനുവദിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. സംസ്ഥാനത്തെ സംരംഭകർക്കിടയിൽ നൂതന വ്യവസായ മേഖലകളും, ആശയങ്ങളും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുന്നതിനായി ബ്ലോക്ക്/താലൂക്ക്/ ജില്ലാ തലങ്ങളിൽ വിവിധയിനം പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. സംസ്ഥാ നത്തും പുറത്തും ഉള്ള വിവിധയിനം സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ നൂതനമായ ആശയങ്ങളും സങ്കേതങ്ങളും സംരംഭകരിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംരംഭകർക്ക് വൈവിധ്യമായ സാങ്കേതികവിദ്യ പരിചയപ്പെടാനായി സംസ്ഥാനതലത്തിൽ മെഷീനറി എക്സ്പോ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് വിവിധ നൂതന മേഖലകളിലെ അറിവ് പകർന്നു നൽകുന്നതിനായി രാജ്യത്തെ മികച്ച സംരംഭകത്വ വികസന സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ